**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1853** **05-07-2022 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സംബന്ധിച്ച നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തിരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | ഇതിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര തുക ഏതെല്ലാം പദ്ധതിക്കായി അനുവദിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | **പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.** |
| (സി) | കൊണ്ടോട്ടി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ? | (സി) | **വിഷയം പരിശോധിച്ചു വരികയാണ്.** |

സെക്ഷൻ ഓഫീസർ